prepp

Practice, Learn and Achieve Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

**Signature and Name of Invigilator**

1. (Signature) ____________________________

   (Name) ____________________________

2. (Signature) ____________________________

   (Name) ____________________________

OMR Sheet No. : ......................................

(To be filled by the Candidate)

Roll No. | | | | | | | |

(In figures as per admission card)

Roll No.______________________________

(In words)

**J 2 2 1 0**

**Test Booklet No.**

Time : **1** $^{1}/_{4}$ hours]

## PAPER-II
## MALAYALAM

[Maximum Marks : **100**

| Number of Pages in this Booklet : **12** | Number of Questions in this Booklet : **50** |
|---|---|

### Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered in the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **Answer Sheet given inside the Paper I Booklet only.** If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

### परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या OMR पत्रक पर अंकित करें और OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये उत्तर-पत्रक पर ही** अंकित करने हैं । यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें ।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
## MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** മലയാളവും തമിഴും തമ്മിലുള്ള ഔപപത്തിക ബന്ധം സൂചിപ്പിച്ച പ്രഥമ പണ്ഡിതൻ

(A) റോബർട്ട് കാൽഡ്വെൽ (B) ഹെർമ്മൻ ഗുണ്ടർട്ട്

(C) ലീലാതിലകകാരൻ (D) എഫ്. ഡബ്ലിയു. എല്ലിസ്

**2.** ഗവേഷണ ബിരുദത്തിനുവേണ്ടി സമർപ്പിച്ച പ്രബന്ധം

(A) Evolution of Malayalam Morphology

(B) Indo-Aryan Loan Words in Malayalam

(C) Dravidian Languages

(D) Grammatical Theories in Malayalam

**3.** **കാര്യം** : ദക്ഷിണ ദ്രാവിഡശാഖയ്ക്കു വ്യതിരിക്തതയുണ്ട്.

**കാരണം** : പൂർവ്വ ദ്രാവിഡത്തിലെ ഉകാരം സംവൃതം, വിവൃതം എന്നു രണ്ടായി പിരിഞ്ഞ് സ്വനിമത്വം ആർജ്ജിച്ചിരിക്കുന്നു.

(A) കാര്യം ശരി (B) കാരണം തെറ്റ്

(C) കാര്യവും കാരണവും ശരി (D) കാര്യം കാരണത്തിനു യോജിക്കുന്നില്ല

**4.** ശിവരാത്രി മാഹാത്മ്യത്തിലെ പ്രസ്താവമേത് ?

(A) ഭാഷാമിശ്രമിതെന്റികഴാതെ

(B) തമിഴായിക്കൊണ്ടറിയിക്കിന്റേൻ

(C) ഭാഷാമിശ്രം പൊഴുതു കഥയാമി

(D) തമിഴ്മണി സംസ്കൃതപവഴം
കോക്കിന്റേൻ വൃത്തമാന
ചെന്നൂന്മേൽ

**5.** **കാര്യം** : രാമചരിതം ഒരു ഉത്തര കേരള കൃതിയാണ്.

**കാരണം** :

I. രാമചരിതത്തിന്റെ കൈയ്യെഴുത്തു പകർപ്പുകൾ കൂടുതൽ ലഭിച്ചിട്ടുള്ളത് ഉത്തര കേരളത്തിൽ നിന്നാണ്.

II. വടക്കൻ കേരളത്തിലെ പ്രാദേശിക പദങ്ങൾ രാമചരിതത്തിൽ ധാരാളമുണ്ട്.

III. ഉത്തര കേരളത്തിലെ പ്രകടന കലയുമായി ബന്ധമുണ്ട്.

IV. പ്രതിഗ്രാഹികാ പ്രത്യയമായി അകാരം കാണുന്നു.

(A) I-ഉം II-ഉം ശരി (B) II-ഉം III-ഉം ശരി

(C) I-ഉം II-ഉം IV-ഉം ശരി (D) എല്ലാം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

6. “കല്ലാതവർ പിഴ ചൊൽകയിനാലൊരു
കാര്യ വിരോധമിതിന്നിനിവാരാ”
ആരുടേതാണ് ഈ പ്രസ്താവം ?

(A) ചീരാമൻ
(B) രാമൻ
(C) ശങ്കരൻ
(D) മാധവൻ

7. “രസപ്രാധാന്യേ ഭാഷാ സാമ്യേച” എന്ന സൂത്രത്തിലെ ച ശബ്ദം കൊണ്ടുദ്ദേശിക്കുന്നത്.

(A) ഉത്തമം
(B) ഉത്തമകല്പം
(C) മധ്യമം
(D) മധ്യമകല്പം

8. ‘Grammar in Lilathilakam’ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്

(A) എൽ. വി. രാമസ്വാമി അയ്യർ
(B) എ. സി. ശേഖർ
(C) കെ. ഗോദവർമ്മ
(D) കെ. എൻ. എഴുത്തച്ഛൻ

9. മുഴുമതിയെ ഒപ്പായി അവതരിപ്പിക്കുന്ന പ്രാചീന മണിപ്രവാളകാവ്യം

(A) ചന്ദ്രോത്സവം
(B) കൗണോത്തര
(C) ചെറിയച്ചി
(D) കോക സന്ദേശം

10. മണിപ്രവാള കൃതികളിൽ കടുത്തുരുത്തി, കൊല്ലം, ഇരിങ്ങാലക്കുട എന്നീ സ്ഥലങ്ങൾക്ക് സംസ്കൃതപ്പേരുകൾ കാണുന്നു. താഴെ ചേർത്തിരിക്കുന്ന പട്ടികയിൽ നിന്ന് ഇവയുടെ ശരിയായ ക്രമീകരണം എടുത്തെഴുതുക.

(A) മൃദംഗശൈലം, കോടിലിംഗപുരം, സിന്ധുദ്വീപം
(B) വ്യാഘ്രാലയം, കോളംബം, സംഗമഗ്രാമം
(C) ഹരിഗീതപുരം, സിന്ധുദ്വീപം, കോളംബം
(D) സിന്ധുദ്വീപം, കോളംബം, സംഗമഗ്രാമം

11. ചേരുംപടി ചേർത്തെഴുതുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (1) | പെഴ്സി മക്വീൻ | (a) | പുരാതന പാട്ടുകൾ |
| (2) | കുഞ്ഞുകൃഷ്ണൻ നാടാർ | (b) | വടക്കൻ പാട്ടുകൾ |
| (3) | സി. പി. ഗോവിന്ദപ്പിള്ള | (c) | തെക്കൻ പാട്ടുകൾ |
| (4) | പി. യു. ലൂക്കോസ് | (d) | നാടൻ പാട്ടുകൾ |
| | | (e) | പഴയ പാട്ടുകൾ |

(A) 1a, 2b, 3c, 4d
(B) 1b, 2c, 3a, 4e
(C) 1b, 2c, 3e, 4a
(D) 1c, 2b, 3a, 4d

12. നാടോടിപ്പാട്ടിന്റെ സവിശേഷതയല്ലാത്തത്

(A) സംഭാഷണാത്മകത
(B) ഗാനാത്മകത
(C) വൃത്തബദ്ധത
(D) ഉപമാന കല്പനകൾ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

13. **കാര്യം** : നാടോടിപ്പാട്ടുകളുടെ ഭാഷ ഭാഷാചരിത്ര പഠനത്തിന് ഉപയോഗിക്കാനാവില്ല.

**കാരണം** : വാമൊഴി വഴക്കത്തിൽ പ്രാദേശിക ഭാഷകളാണ് പ്രത്യക്ഷപ്പെടുന്നത്.

(A) കാര്യവും കാരണവും തെറ്റ്
(B) കാര്യവും കാരണവും ശരി
(C) കാര്യം ശരി കാരണം തെറ്റ്
(D) കാര്യം തെറ്റ് കാരണം ശരി

14. കാലമനുസരിച്ച് ക്രമീകരിക്കുക.

(A) അവിട്ടത്തൂർ ശാസനം, ചോക്കൂർ ശാസനം, രാമേശ്വരം ശാസനം
(B) രാമേശ്വരം ശാസനം, ചോക്കൂർ ശാസനം, അവിട്ടത്തൂർ ശാസനം
(C) ചോക്കൂർ ശാസനം, രാമേശ്വരം ശാസനം, അവിട്ടത്തൂർ ശാസനം
(D) ചോക്കൂർ ശാസനം, അവിട്ടത്തൂർ ശാസനം, രാമേശ്വരം ശാസനം

15. ദൂതവാക്യവുമായി ബന്ധപ്പെട്ട കലാരൂപം

(A) സംഘക്കളി
(B) കൂടിയാട്ടം
(C) പാഠകം
(D) ഏഴാമത്തുകളി

16. 1862-ൽ പ്രസിദ്ധീകരിച്ച മഹാഭാരതം കിളിപ്പാട്ടിന്റെ പാഠശോധകർ

(A) ചേപ്പാട്ട് അച്യുതവാര്യർ
തൃക്കണ്ടിയൂർ ഗോവിന്ദപ്പിഷാരടി

(B) തൃക്കണ്ടിയൂർ ഗോവിന്ദപ്പിഷാരടി
പുന്നപുരത്തു കൃഷ്ണപിള്ള

(C) പുന്നപുരത്തു കൃഷ്ണപിള്ള
കൈക്കുളങ്ങര രാമവാര്യർ

(D) വടക്കുംകൂർ രാജരാജവർമ്മ
എ.ഡി. ഹരിശർമ്മ

17. കേരളത്തിൽ താലപത്ര മാതൃകകൾ ഏറ്റവും കൂടുതലുള്ള ഗ്രന്ഥം.

(A) മഹാഭാരതം കിളിപ്പാട്ട്
(B) കൃഷ്ണഗാഥ
(C) മഹാഭാഗവതം കിളിപ്പാട്ട്
(D) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

18. നിണവേഷം പ്രത്യക്ഷപ്പെടുന്ന കഥകളി

(A) കിർമ്മീര വധം
(B) ദുര്യോധന വധം
(C) ബക വധം
(D) രാവണ വിജയം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

19. നളചരിതത്തിലെ ഭാഷ വെങ്കലഭാഷയാണ്. ഇതിലെ ചേരുവകൾ

(A) സംസ്കൃതമാകുന്ന വെളുത്തീയം മലയാളമാകുന്ന ചെമ്പ്

(B) സംസ്കൃതമാകുന്ന ചെമ്പ് മലയാളമാകുന്ന വെളുത്തീയം

(C) സംസ്കൃതമാകുന്ന പ്രവാളം ഭാഷയാകുന്ന മണി

(D) സംസ്കൃതമാകുന്ന മണി ഭാഷയാകുന്ന പ്രവാളം

20. മലയാളം എന്ന പദം ഭാഷാനാമമായി പ്രയോഗിച്ചിട്ടുള്ള പ്രഥമകൃതി

(A) പെരിയപുരാണം (B) ലീലാതിലകം

(C) മലയാളഭാഷാവ്യാകരണം (D) ഭീമേശ്വരപുരാണമു

21. അഞ്ചുവണ്ണം, മണിഗ്രാമം എന്നിവ പരാമൃഷ്ടമായിട്ടുള്ള പാട്ടുകൃതി

(A) മാമാങ്കം കിളിപ്പാട്ട് (B) മാവാരതം പാട്ട്

(C) പയ്യന്നൂർ പാട്ട് (D) ചെങ്ങന്നൂരാതി

22. "അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചി ക്കു പോയങ്ങുതൊപ്പിയിട്ടീടണം"

എന്ന വരികൾ ഏതു കൃതിയിൽ ?

(A) സ്യമന്തകം (B) കല്യാണ സൗഗന്ധികം

(C) സഭാ പ്രവേശം (D) ഘോഷ യാത്ര

23. ആട്ടപ്രകാരങ്ങളിലെ പ്രതിപാദ്യവുമായി ബന്ധമില്ലാത്തത്

(A) ഇന്നപ്രകാരം വേഷം ധരിക്കണമെന്ന നിർദ്ദേശം

(B) സന്ദർഭാനുസരണം ചേർക്കേണ്ടുന്ന പദ്യങ്ങൾ

(C) കഥാപാത്രങ്ങൾക്ക് മുദ്രകാണിച്ച് ആടേണ്ടുന്ന രീതി

(D) ചൂർണികളുടെയും പദ്യങ്ങളുടെയും സവിസ്തര വ്യാഖ്യാനം

24. സാഹിത്യപഞ്ചാനനൻ പി. കെ. നാരയണപിള്ള ഏതു പാശ്ചാത്യകവിയോടാണ് കുഞ്ചൻ നമ്പ്യാരെ താരതമ്യപ്പെടുത്തിയത് ?

(A) ചോസർ (B) അലക്സാണ്ടർ പോപ്പ്

(C) ജോൺ മിൽട്ടൺ (D) സ്പെൻസർ

25. 'ചിത്രം ചിത്രമങ്ങോട്ടുചെന്നാടേണ്ടുന്ന മഹാതീർത്ഥ
മിത്രത്തോളമാഗമിക്ക കൊണ്ടു നന്നായി'
ഈ വരികളുടെ ചമൽക്കാരത്തിന് ആസ്പദമെന്ത് ?

(A) പ്രസിദ്ധി വിരുദ്ധമായ കല്പന

(B) ചിത്രം എന്ന വാക്കിന്റെ ആവർത്തനം

(C) നതവും ഉന്നതവുമായ താളം

(D) ശ്രീകൃഷ്ണ സവിധത്തിലെത്തുന്ന കുചേലന്റെ ഭക്തി പാരവശ്യം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**26.** ഗുണ്ടർട്ട് നിഘണ്ടുവിന് ബാധകമല്ലാത്തത് എടുത്തെഴുതുക.

(A) ഉച്ചാരണ സൂചന (B) ലേഖിമം ഉപലേഖം എന്ന ക്രമം

(C) ബന്ധഭാഷാ സൂചന (D) പര്യായഭേദ നിബന്ധന

**27.** വിലാപ വർണനയ്ക്ക് നതോന്നത വൃത്തം ഉപയോഗിച്ച കവി

(A) പ്രവിത്താനം ദേവസ്യ (B) അർണോസു പാതിരി

(C) പുത്തൻകാവു മാത്തൻ തരകൻ (D) ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ

**28.** കേരളവർമ്മയുടെ ശാകുന്തള വിവർത്തനത്തിന്റെ അവതാരകൻ

(A) ഏ. ആർ. രാജരാജവർമ്മ (B) കേസരി ബാലകൃഷ്ണ പിള്ള

(C) അപ്പൻ തമ്പുരാൻ (D) ആറ്റൂർ കൃഷ്ണപ്പിഷാരടി

**29.** നവീന ശാസ്ത്രങ്ങളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ മാസിക

(A) പശ്ചിമോദയം (B) പശ്ചിമതാരക

(C) വിദ്യാസംഗ്രഹം (D) വിദ്യാവിലാസിനി

**30.** കൊടുങ്ങല്ലൂർ കവികൾക്കു യോജിച്ച പ്രസ്താവനയേത് ?

(A) ഭാവപക്ഷത്തിൽ അനുഭവത്തനിമയും രൂപപക്ഷത്തിൽ ഭാഷാതനിമയും ദീക്ഷിച്ചു.

(B) ഭാവപക്ഷത്തിൽ കാല്പനികതയും രൂപപക്ഷത്തിൽ ക്ലാസ്സിസിസവും ദീക്ഷിച്ചു.

(C) ഭാവത്തിലും രൂപത്തിലും പരീക്ഷണം നടത്തി.

(D) മണിപ്രവാള സംസ്കാരത്തെ ഉപേക്ഷിച്ച് റിയലിസത്തെ പുണർന്നു.

**31.** പട്ടിക I-ൽ കവിതാഭാഗങ്ങളും പട്ടിക II-ൽ കവികളുടെ പേരുകളും ചേർത്തിരിക്കുന്നു. ശരിയായ സമീകരണം എടുത്തെഴുതുക.

| **പട്ടിക** – I | **പട്ടിക** – II |
|---|---|
| (1) അന്തിക്കു പൊങ്ങി വിലസീടിന താരജാലം<br>പന്തിക്കു പശ്ചിമ പയോധിയണഞ്ഞു മുങ്ങി | (a) വൈലോപ്പള്ളി |
| (2) തുരുമ്പിലും ഞാൻ വായിച്ചേൻ<br>ധ്വനികാവ്യം സുധാമയം<br>മൗനത്തിലും ചെവിക്കൊണ്ടേൻ<br>മധുരം വല്ലകീക്വണം | (b) കുമാരനാശാൻ |
| (3) അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു-<br>ത്തുമ്മ വച്ചീടുവാൻ തോന്നുമല്ലോ | (c) ഉള്ളൂർ |
| (4) എന്തിന്നു മർത്ത്യായുസ്സിൽ<br>സാരമായതു ചില<br>മുന്തിയ സന്ദർഭങ്ങളല്ല<br>മാത്രകൾ മാത്രം | (d) വള്ളത്തോൾ |
| | (e) ഇടശ്ശേരി |

(A) 1e, 2c, 3d, 4a (B) 1b, 2c, 3d, 4a

(C) 1c, 2b, 3a, 4e (D) 1b, 2a, 3c, 4d



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**32.** പ്രാസവാദത്തിൽ ഏ.ആറിന്റെ നിലപാടുമായി പൊരുത്തമില്ലാത്തത് ഏത് ?

(A) സർവ്വതോന്മുഖമായ ഔചിത്യമാണ് കവിതയുടെ ജീവൻ

(B) കവിതയിൽ ഭാവ പോഷണത്തിനാണ് പ്രഥമ സ്ഥാനം

(C) ശബ്ദാലങ്കാരങ്ങൾക്കുള്ള പ്രാമാണ്യം

(D) ശബ്ദാലങ്കാരങ്ങൾക്ക് അർത്ഥ വൈചിത്ര്യത്തെക്കാൾ താണ നില

**33.** സ്വകല്പിതമായ ഒരു ഇതിവൃത്തം മലയാള നാടകത്തിൽ ആദ്യം ഉപയോഗിച്ചതാര് ?

(A) മുൻഷി രാമക്കുറുപ്പ്  (B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) അപ്പൻ തമ്പുരാൻ  (D) കൊച്ചുണ്ണിത്തമ്പുരാൻ

**34.** പട്ടിക I-ലെ കാവ്യഭാഗങ്ങളും പട്ടിക II-ലെ കവികളുടെ പേരുകളും തമ്മിൽ പൊരുത്തപ്പെടുന്ന ഗണമേത് ?

| **പട്ടിക** – I | **പട്ടിക** – II |
|---|---|
| (1) ഒരു നാളുണർന്നപ്പോൾ<br>ഓർമ്മ തൻ സുഗന്ധമാം ഗീതവും<br>ഞാനും മാത്രം | (a) എൻ. വി. കൃഷ്ണ വാര്യർ |
| (2) അവന്റെ കണ്ണിൽത്താഴത്തു<br>നില്പൂ വർഷാഘനാഘനം<br>സാനുവിൽത്തിണ്ടു കുത്തുന്ന<br>കൊമ്പനാന കണക്കിനേ | (b) ആർ. രാമചന്ദ്രൻ |
| (3) വാടിയ ചെമ്പകപ്പൂക്കൾ പോലന്തികൾ<br>വീണുറങ്ങീടുമെന്നുള്ളിൽ<br>ഇന്നതിദീനം വിറച്ചിടും മെയ്യോടെ<br>വന്നു നില്പായീ വെളിച്ചം | (c) ജി. കുമാരപിള്ള |
| (4) നിങ്ങൾക്കിതൊന്നും മനസ്സിലാകുന്നില്ല<br>നിങ്ങളെലികളോ മാനുഷരോ ? | (d) അക്കിത്തം |
| | (e) ഒളപ്പമണ്ണ |

(A) 1c, 2d, 3b, 4a  (B) 1c, 2b, 3d, 4a

(C) 1b, 2c, 3a, 4e  (D) 1e, 2b, 3d, 4c

**35.** ശരിയായ സമീകരണം ഏത് ?

| **പട്ടിക** – I | **പട്ടിക** – II |
|---|---|
| (1) ശംബൂക പത്നിയുടെ ശാപം | (a) പ്രഹസനം |
| (2) പെണ്ണരശു നാട് | (b) സി.വി. കൃതികൾ |
| (3) ദൈവനീതിക്കു ദാക്ഷണ്യമില്ല | (c) എൻ.കൃഷ്ണ പിള്ള |
| (4) പ്രതിപാത്രം ഭാഷണഭേദം | (d) പ്രശ്ന നാടകം |
| | (e) കാഞ്ചന സീത |

(A) 1d, 2a, 3c, 4b  (B) 1e, 2a, 3b, 4c

(C) 1c, 2b, 3c, 4a  (D) 1e, 2a, 3b, 4d



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

36. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ട മലയാളം നോവലുകൾ പട്ടിക I-ലും, അവയുടെ വിവർത്തകരുടെ പേരുകൾ പട്ടിക II-ലും കൊടുത്തിരിക്കുന്നു. ശരിയായ സമീകരണം ഏത് ?

| **പട്ടിക** – I | | **പട്ടിക** – II | |
|---|---|---|---|
| (1) | ഇന്ദുലേഖ | (a) | ജി.എസ്. അയ്യർ |
| (2) | ധർമ്മരാജാ | (b) | ആർ. ഇ. ആഷർ |
| (3) | രാമരാജാ ബഹദൂർ | (c) | കെ. ജയകുമാർ |
| (4) | പാത്തുമ്മായുടെ ആട് | (d) | ഡബ്ലിയു.ഡ്യൂമെർഡ് |
| | | (e) | പ്രേമാ ജയകുമാർ |

(A) 1b, 2c, 3a, 4d
(B) 1c, 2a, 3d, 4b
(C) 1d, 2a, 3e, 4b
(D) 1e, 2b, 3d, 4c

37. ഉത്ഭവകാലമനുസരിച്ച് ക്രമീകരിക്കുക.
(A) രാജ്യസമാചാരം, ജ്ഞാനനിക്ഷേപം, ഭാഷാപോഷിണി, കവനകൗമുദി
(B) ജ്ഞാനനിക്ഷേപം, രാജ്യസമാചാരം, കവനകൗമുദി, ഭാഷാപോഷിണി
(C) രാജ്യസമാചാരം, ജ്ഞാനനിക്ഷേപം, കവനകൗമുദി, ഭാഷാപോഷിണി
(D) ജ്ഞാനനിക്ഷേപം, രാജ്യസമാചാരം, ഭാഷാപോഷിണി, കവനകൗമുദി

38. ചേരുംപടി ചേർത്തെഴുതുക.

| **പട്ടിക** – I | | **പട്ടിക** – II | |
|---|---|---|---|
| (1) | അരങ്ങുകാണാത്ത നടൻ | (a) | മാധവിക്കുട്ടി |
| (2) | വർഷങ്ങൾക്കുമുമ്പ് | (b) | തിക്കോടിയൻ |
| (3) | കാവ്യലോകസ്മരണകൾ | (c) | കുമരകം ശങ്കുണ്ണി മേനോൻ |
| (4) | വഴിത്തിരിവുകൾ | (d) | വൈലോപ്പിള്ളി |
| | | (e) | പി. കുഞ്ഞിരാമൻ നായർ |

(A) 1b, 2c, 3d, 4a
(B) 1c, 2d, 3a, 4b
(C) 1a, 2b, 3d, 4e
(D) 1b, 2a, 3d, 4c

39. ശരിയായ ക്രമീകരണം ഏത് ?
(A) സോവിയറ്റുനാട്ടിൽ – വയലാർ
(B) കാളപ്പോരിന്റെ നാട്ടിൽ – സക്കറിയ
(C) ഉത്തരസ്യാംദിശി – ഡി. ബാബു പോൾ
(D) പുരുഷാന്തരങ്ങളിലൂടെ – ചങ്ങമ്പുഴ

40. അടൂർ ഗോപാലകൃഷ്ണന്റെ 'നാലു പെണ്ണുങ്ങൾ' എന്ന സിനിമയ്ക്ക് ആധാരമായ കഥകളിൽ ഉൾപ്പെടാത്തത്
(A) പതിതപങ്കജം
(B) നിത്യകന്യക
(C) പങ്കിയമ്മ
(D) കന്യക

41. താഴെച്ചേർത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് എം. പി. പോളിനു ചേരുന്ന പ്രസ്താവന ഏത് ?
(A) ഗവേഷണപരവും ആസ്വാദനപരവുമായ സമീപനം.
(B) പാശ്ചാത്യ ആശയങ്ങളുടെ വ്യത്യസ്തത ചൂണ്ടിക്കാണിക്കാനല്ല, കേരളീയമായ പ്രസക്തി ആരായാനുള്ള നിഷ്കർഷയാണത്.
(C) പാശ്ചാത്യ പൗരസ്ത്യ സാഹിത്യ ദർശനങ്ങളുടെ സമന്വയനം കണ്ടെത്തി.
(D) മനഃശാസ്ത്രത്തോടും നരവംശ ശാസ്ത്രത്തോടും ആഭിമുഖ്യം.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**42.** "നളിനി ഒരു മനോഹര കാവ്യ ശില്പമാണ്; അതിന് കുമാരസംഭവത്തോടുള്ള ചാർച്ച ചിന്തനീയമാണ്" – വക്താവാര് ?

(A) ഏ. ആർ. രാജരാജവർമ്മ
(B) ജോസഫ് മുണ്ടശ്ശേരി
(C) പി. കെ. ബാലകൃഷ്ണൻ
(D) നിത്യചൈതന്യയതി

**43.** ചില കഥാപാത്രങ്ങളുടെ സംഭാഷണ ശകലങ്ങൾ പട്ടിക I-ലും കഥാപാത്രങ്ങളുടെ പേരുകൾ പട്ടിക II-ലും കൊടുത്തിരിക്കുന്നു. യുക്തമായ സമീകരണം തെരഞ്ഞെടുക്കുക.

| **പട്ടിക** – I | **പട്ടിക** – II |
|---|---|
| (1) "ഇതിലെ ആഖ്യാദം എവിടെ ? എനിക്കൊന്നും മനസ്സിലായില്ല" | (a) കാളി ഉടയാൻ |
| (2) "എങ്ങാനും കിടന്ന കൂട്ടത്തെപ്പോയ് 'വാ അപ്പാ, ഒത്താശ ചെയ്യപ്പാ' എന്നു താങ്ങിയത് പുത്തിയോ" ? | (b) സുമിത്ര |
| (3) "ആഹാ ! അതിനു ഘീർവാണ മെന്തിന് ? മലയാംപാഴയ്ക്കു വഴങ്ങാത്ത വലിയ കാര്യമോ അത് ?" | (c) മാങ്കോയിക്കൽ കുറുപ്പ് |
| (4) "സേതുവിന് എന്നും ഒരാളോടേ ഇഷ്ടമുണ്ടായിരുന്നുള്ളു; സേതുവി നോടു മാത്രം" | (d) അബ്ദുൽ ഖാദർ |
| | (e) അഴകൻ പിള്ള |

(A) 1e, 2c, 3b, 4a
(B) 1c, 2b, 3a, 4d
(C) 1d, 2c, 3a, 4b
(D) 1a, 2d, 3b, 4c

**44.** കാലക്രമമനുസരിച്ച് എഴുതുക.

(A) ദ്വാരക, മോതിരം, രസവിദ്യയുടെ ചരിത്രം, നിന്റെ ഓർമ്മയ്ക്ക്
(B) രസവിദ്യയുടെ ചരിത്രം, ദ്വാരക, നിന്റെ ഓർമ്മയ്ക്ക്, മോതിരം
(C) ദ്വാരക, നിന്റെ ഓർമ്മയ്ക്ക്, മോതിരം, രസവിദ്യയുടെ ചരിത്രം
(D) ദ്വാരക, മോതിരം, നിന്റെ ഓർമ്മയ്ക്ക്, രസവിദ്യയുടെ ചരിത്രം

**45.** ചേരുംപടി ചേർത്തെഴുതുക.

| **പട്ടിക** – I | **പട്ടിക** – II |
|---|---|
| (1) ഭാഷാ സംക്രമണവാദം | (a) എൽ. വി. രാമസ്വാമി അയ്യർ |
| (2) ഉപശാഖാവാദം | (b) സി. എൽ. ആന്റണി |
| (3) പൂർവ്വ തമിഴ്മലയാളവാദം | (c) ഇളംകുളം |
| (4) മിശ്ര ഭാഷാവാദം | (d) ആറ്റൂർ |
| | (e) എസ്. വി. ഷണ്മുഖം |

(A) 1a, 2b, 3c, 4d
(B) 1b, 2a, 3e, 4c
(C) 1c, 2d, 3e, 4a
(D) 1b, 2a, 3e, 4d



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ ചേർത്തിരിക്കുന്ന ഉപന്യാസ ഭാഗം വായിച്ച്, തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

നമുക്കു കൈവന്നു കഴിഞ്ഞിട്ടുള്ള പരിഷ്ക്കാരം എല്ലാ മനുഷ്യർക്കും കൈവരുത്തുക എന്നതാണ് പരിഷ്ക്കാരത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രധാന പ്രശ്നം. ഇന്നത്തെ ഒരു കോടീശ്വരനു ലഭിക്കുന്ന ജീവിത സൗകര്യങ്ങൾ മില്ലിൽ പണിയെടുക്കുന്ന തൊഴിലാളിക്കും ലഭിക്കാറാവണം. ഇത് അസാധ്യമല്ല. ഭൂമി ഇന്നും രത്നഗർഭയാണ്. അവളുടെ ഉല്പാദന ശക്തിക്ക് അളവില്ല. ഉൽപാദനത്തിന്നുമേൽ ഇന്നുള്ള ചങ്ങലക്കെട്ടുകൾ അഴിച്ചുകളയുകയേ വേണ്ടൂ. സർവ്വസമൃദ്ധിയുടെ വഴിയിൽ ഇന്നു വിലങ്ങടിച്ചുകിടക്കുന്നത് മുതലാളിത്തജന്മിത്ത സമ്പ്രദായങ്ങളാകുന്നു. യന്ത്രം കണ്ടുപിടിക്കാതിരുന്ന കാലത്തിനു ജന്മിത്തവും, യന്ത്രയുഗത്തിന്റെ ആരംഭകാലത്തിനു മുതലാളിത്തവും പറ്റിയ ഏർപ്പാടുകളായിരുന്നു. പക്ഷേ, ഇന്ന് അവ മനുഷ്യ സമുദായത്തെ വീർപ്പുമുട്ടിക്കുന്ന ഇടുക്കക്കുപ്പായങ്ങളായി മാറി കഴിഞ്ഞു. ഉല്പാദനോപകരണങ്ങളിൽ സമുദായത്തിന്റെ കൂട്ടുടമ ഏർപ്പെടുത്തുന്നതു കൊണ്ട് മാത്രമേ, കെട്ടിക്കിടക്കുന്ന സാമൂഹ്യോല്പാദന ശക്തികളെ അഴിച്ചുവിടാനാവൂ. അങ്ങനെ മാത്രമേ പരിഷ്ക്കാരം സാർവ്വത്രികമാക്കാൻ കഴിയൂ. അതുകൊണ്ടാണ് ഇന്നത്തെ ചിന്തകന്മാരിൽ ഭൂരിപക്ഷവും സാമ്പത്തികമായി സോഷ്യലിസത്തിനും, രാഷ്ട്രീയമായി കലർപ്പറ്റ ജനാധിപത്യത്തിനും വേണ്ടി വാദിക്കുന്നതും നിലകൊള്ളുന്നതും. അപ്പോൾ, പരിഷ്ക്കാരത്തിന്റെ ഇന്നത്തെ പ്രശ്നം ഉയരുകയില്ല. പരക്കുകയാണ്; കുറച്ചാളുകൾക്കു കൂടുതൽ സുഖസാമഗ്രികൾ നേടിക്കൊടുക്കുകയല്ല ഇന്നുള്ള സുഖസാമഗ്രികൾ എല്ലാവർക്കും കിട്ടാറാക്കുകയാണ്. എല്ലാ രാഷ്ട്രങ്ങളേയും സാമ്യവാദപ്രജാതന്ത്രങ്ങളാക്കി മാറ്റുകയും, അവയെ ഒരു ലോക രാഷ്ട്രത്തിൽ ഏകീകരിക്കുകയുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ മഹനീയഭാഗധേയം.

സംസ്ക്കാരം എന്ന പദം കൊണ്ടു നാം ഉദ്ദേശിക്കുന്നത് പരിഷ്കൃത ജീവിതം മനുഷ്യാത്മാവിൽ – അല്ലെങ്കിൽ മനുഷ്യമനസ്സിൽ – വരുത്തുന്ന പ്രവണതകളെയാണ്. ഇംഗ്ലീഷിൽ 'കൾചർ' എന്ന വാക്കാണ് ഈ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. എന്നാൽ എല്ലാത്തരം പ്രവണതകളേയും നാം സംസ്ക്കാരമെന്നു പറയാറില്ല. പരിതഃസ്ഥിതിയുടെയും ഭക്ഷണം നേടുന്ന സമ്പ്രദായത്തിന്റെയും ഫലമായി മനുഷ്യമനസ്സിൽ നല്ലതും ചീത്തയുമായ പല ചായ്‌വുകളും, ജീവിത നിരീക്ഷണവിധങ്ങളും, ഏർപ്പെടുന്നു. ഇവയിൽ നല്ലതെന്നു കരുതപ്പെടുന്നവയെ മാത്രമേ സംസ്ക്കാരമെന്നു വ്യവഹരിക്കാറുള്ളു. മനസ്സിലെ വെളിച്ചവും മാധുര്യവുമാണ് സംസ്ക്കാരമെന്ന് ഒരു ആംഗ്ലേയ വിമർശകൻ അഭിപ്രായപ്പെട്ടത് ഈ അർത്ഥത്തിലാണ്.

വസ്തുക്കളെപ്പറ്റിയുള്ള യഥാർത്ഥജ്ഞാനമാണ് മനസ്സിലെ വെളിച്ചം. യഥാർത്ഥജ്ഞാനം ശാസ്ത്രീയാഭ്യസനത്തിന്റെ ഫലമാകുന്നു. ജ്ഞാനം ഭയത്തെ നിവാരണം ചെയ്യുന്നു. മനസ്സ് പ്രസന്നമാക്കുന്നു. മിക്കവാറും നിരന്തര ശ്രമം കൊണ്ട് ആർക്കും നേടാവുന്ന ഒന്നാണ് മനസ്സിലെ വെളിച്ചം.

കലാബോധവും സദാചാരബോധവുമാണ് മനസ്സിന്റെ മാധുര്യം. വസ്തുക്കൾക്ക് നീളം, വീതി, കനം, എന്നീ മൂന്നളവുകൾ ഉള്ളതായി നമുക്ക് കണ്ടറിയാൻ കഴിയുന്നുണ്ട്. ചില ജന്തുക്കളുടെ – പശുവിന്റെയും മറ്റും – കണ്ണുകൾക്ക് കനം കണ്ടറിവാനുള്ള കഴിവില്ലത്രെ. അവയെ സംബന്ധിച്ചിടത്തോളം വസ്തുക്കൾക്ക് നീളം, വീതി എന്ന രണ്ടു അളവുകളേ ഉള്ളൂ. നീളം, വീതി, കനം എന്നീ അളവുകൾക്ക് പുറമെ കാലം എന്ന ഒരു അളവുകൂടി വസ്തുക്കൾക്കുള്ളതായി അസ്പഷ്ടമായ ഒരു ബോധം നമുക്കുണ്ട്. വസ്തുക്കളുടെ കാലികമായ പൗർവ്വാപര്യത്തെപ്പറ്റി നമുക്ക് അനുഭവമുണ്ടല്ലോ. ആധുനികമായ ഉന്നതോർജ്ജതന്ത്രം ഇതു ശരിവെയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഈ നാല് അളവുകൾക്കും പുറമെ വേറെയും അളവുകൾ വസ്തുക്കൾക്കുണ്ട്. ഉണ്മ (സത്യത്വം), നന്മ (ശിവത്വം), അഴക് (സുന്ദരത്വം) എന്നിവ അത്തരം അളവുകളാണ്. ഇവയെപ്പറ്റിയുള്ള ബോധം നമുക്ക് നല്കുവാൻ ഒരു ശാസ്ത്രത്തിനും സാധ്യമല്ല. മനുഷ്യൻ മനസ്സിന്റെ അഗാധതയിൽ ചില പ്രത്യേക സമയങ്ങളിൽ അനുഭവിച്ചറിയുന്ന ചില ആത്യന്തികസത്യങ്ങളാണിവ. ഈ അളവുകളെ – അളവുകൾക്കപ്പുറത്തുള്ള ഈ സനാതന മൂല്യങ്ങളെ – അനുഭവിച്ചറിയു-



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

വാനുള്ള കഴിവാണ് മനസ്സിന്റെ മാധുര്യം. മാത്സര്യനിർമ്മുക്തവും അന്തർമുഖവുമായ ജീവിതമാണ് ഇതു നേടുന്നതിനുള്ള മാർഗ്ഗം. പരിഷ്ക്കാരം എല്ലാവർക്കും കൈവരുകയും, പരസ്പര മത്സരത്തിന്റെ സ്ഥാനത്ത് സഹകരണം പ്രതിഷ്ഠിതമാവുകയും ചെയ്യുന്നതോടെ ഈ സംസ്ക്കാരവും മനുഷ്യരിൽ ഭൂരിഭാഗത്തിനും പ്രത്യേക പ്രയത്നമൊന്നും കൂടാതെ തന്നെ ഒട്ടാക്കെ കൈവരുന്നതായിരിക്കും.

**46.** പരിഷ്കാരത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രധാന പ്രശ്നം

(A) പരിഷ്കാരം ജനകീയമായിരിക്കണം.

(B) പരിഷ്കാരം സമ്പന്നർക്കു മാത്രമായി ചുരുങ്ങിയിരിക്കുന്നു.

(C) പരിഷ്കാരം എല്ലാവർക്കും കൈവരുത്തുക.

(D) പരിഷ്കാരം സംസ്കാരത്തിൽ നിന്ന് അകന്നിരിക്കുന്നു.

**47.** **ചോദ്യം** : പരിഷ്കാരം സാർവത്രികമാക്കാൻ കഴിയാത്തത് എന്തുകൊണ്ട് ?

**ഉത്തരങ്ങൾ** : I. ഉല്പാദനോപകരണങ്ങളിൽ സമുദായത്തിന്റെ കൂട്ടുടമ ഏർപ്പെടുത്താത്തതുകൊണ്ട്.

II. മുതലാളിത്തത്തിന്റെ ആധിപത്യം മൂലം.

III. ജന്മിത്തത്തിന്റെ ആധിപത്യം നിമിത്തം.

IV. ജന്മിത്ത മുതലാളിത്തങ്ങളുടെ സർവ്വാധിപത്യം കൊണ്ട്.

(A) ഉത്തരം I മാത്രം ശരി (B) I-ഉം II-ഉം ശരി

(C) I-ഉം II-ഉം IV-ഉം ശരി (D) എല്ലാം തെറ്റ്

**48.** **കാര്യം** : ജന്മിത്തവും മുതലാളിത്തവും മനുഷ്യസമുദായത്തെ വീർപ്പുമുട്ടിക്കുന്നു.

**കാരണം** : അവ സർവ്വസമൃദ്ധിക്ക് വിലങ്ങു തടിയാണ്.

(A) കാര്യം മാത്രം ശരി (B) കാര്യവും കാരണവും ശരി

(C) കാര്യം ശരിയും കാരണം തെറ്റും (D) കാര്യവും കാരണവും തെറ്റ്

**49.** മനസ്സിന്റെ മാധുര്യം :

I. സംസ്കാര സമ്പന്നത

II. മാത്സര്യനിർമുക്തവും അന്തർമുഖവുമായ ജീവിതം

III. സനാതന മൂല്യങ്ങളെ അനുഭവിച്ചറിയാനുള്ള കഴിവ്

IV. പരിഷ്കാര സമ്പന്നത

(A) I-ഉം II-ഉം ശരി (B) I-ഉം II-ഉം III-ഉം ശരി

(C) III മാത്രം ശരി (D) എല്ലാം ശരി

**50.** പ്രബന്ധത്തിൽ ലേഖകൻ വിശദമാക്കുന്നത് :

I. പൂർവ്വകാല സംസ്കൃതിയുടെ സമകാല പ്രസക്തി

II. പരിഷ്കാര സംസ്കാരങ്ങളുടെ സമകാല പ്രസക്തി

III. പരിഷ്കാരവും സംസ്കാരവും തമ്മിലുള്ള അന്തരം

IV. പരിഷ്കാരത്തിന്റെ അഭാവം

(A) ഒന്നുമാത്രം ശരി (B) III-ഉം IV-ഉം ശരി

(C) I-ഉം II-ഉം ശരി (D) III മാത്രം ശരി

---



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in